I/29088/2023

**Website: www.kwa.kerala.gov.in** **Tel. 0471-2738300**

**Mobile/ Whatsapp: +919495998258** Consumer Helpline Number

**1916 [24X7] [Toll Free]**

**1916cckwa@gmail.com**

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,

വാട്ടർ അതോറിറ്റി ക്യാംപസ്

വെള്ളയമ്പലം

നമ്പർ. **KWA-JB/2637/2023-E1** തീയതി: **12-09-2023**

## <u>സർക്കുലർ</u>

വിഷയം: ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം - മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതരെ സംരക്ഷിക്കാമെന്ന " സംരക്ഷണ സമ്മതമൊഴി" നൽകുന്നത് സംബന്ധിച്ച്.

സൂചന : **GO(P) No. 12/2023/P&ARD** തീയതി **14.07.2023**

സർവ്വീസിൽ ജോലി ചെയ്യുവരവേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുമ്പോൾ മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതരെ സംരക്ഷിക്കുന്നതാണെന്നുള്ള സംരക്ഷണ സമ്മത മൊഴികൂടി **21.02.2018** ലെ സ.ഉ.(കൈ). നം. **5/2018**/ഉഭപവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇപ്രകാരം നൽകിയ സംരക്ഷണ സമ്മത മൊഴി ലംഘിക്കപ്പെടുന്നതായി സർക്കാർ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലും, സംരക്ഷണ സമ്മത മൊഴി നൽകികൊണ്ട് ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിച്ചവർ മറ്റു ആശ്രിതരെ സംരക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതല സർക്കാരിനുള്ളതിനാലും, ഇപ്രകാരം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർ സംരക്ഷണ സമ്മത മൊഴി ലംഘിക്കുന്ന സാഹചര്യത്തിൽ അവർക്കെതിരെ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച പൊതു വ്യവസ്ഥകൾ രൂപീകരിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേല്പറഞ്ഞ ഉത്തരവ് കേരള വാട്ടർ അതോറിറ്റിക്കും ബാധകമായതിനാൽ അതിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ച ജീവനക്കാർക്കെതിരെ സംരക്ഷണ സമ്മതമൊഴി ലംഘിച്ചതായി പരാതി ലഭിച്ചാൽ അതിന്മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. **21.02.2018** ലെ സ.ഉ.(കൈ). നം. **5/2018**/ഉഭപവ - യുടെ അടിസ്ഥാനത്തിൽ സംരക്ഷണ സമ്മതമൊഴി

I/29088/2023

നൽകികൊണ്ട് ഇതിനോടകം ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ നിന്നും കൂടി സൂചന ഉത്തരവ് പ്രകാരമുള്ള ഒരു സമ്മത പത്രം, അതാത് ഓഫീസ് മേധാവികൾ / ഡിഡിഒ മാർ വാങ്ങേണ്ടതും, അത് സേവന പുസ്തകത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

Signed by
Bhandari Swagat Ranveerchand Ias
Date: 12-09-2023 11:33:41
മാനേജിംഗ് ഡയറക്ടർ

ഉള്ളടക്കം: 1. **GO(P) No. 12/2023/P&ARD** തീയതി **14.07.2023**

പകർപ്പ്: 1. എല്ലാ ഓഫീസ് മേധാവികൾക്കും

2. ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

